**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 580** **10-02-2025 - ൽ മറുപടിയ്ക്ക്**

**സംരംഭകരിൽ ആവേശം സൃഷ്ടിക്കുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ സംവിധാനങ്ങൾ നിക്ഷേപകരോട് മുഖംതിരിച്ച് നിൽക്കുന്നു എന്ന പരാതി കേരളത്തിന്റെ വലിയൊരു പ്രശ്നമായി കാലാകാലങ്ങളായി ഉയർത്തിക്കാണിക്കപ്പെട്ടിരുന്നുയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സർക്കാർ സംവിധാനങ്ങൾ നിക്ഷേപകരോട് മുഖംതിരിച്ച് നിൽക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സർക്കാർ കേരളത്തിലെ സംരംഭങ്ങളുടെ സാധ്യത വർധിപ്പിക്കുന്നതിനും, അവരുടെ ഉന്നമനത്തിനും, വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകുവാനും നടത്തിയിട്ടുള്ള പ്രധാനപ്പെട്ട ഇടപെടലുകളിൽ ഒന്നാണ് സംസ്ഥാന വ്യവസായ നയം 2023. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തന ക്ഷമമാക്കുക. തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ- നൈപുണ്യം വർദ്ധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായ വൽക്കരണം എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. സംസ്ഥാനത്തിന്റെ വികസന പദ്ധതികളുടെ നേട്ടങ്ങൾ എല്ലാവിഭാഗം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും അർഹരായ എല്ലാവർക്കും ക്ഷേമപദ്ധതികളുടെ ഗുണഫലങ്ങൾ ലഭ്യമാകുവാനും പുതിയ വ്യവസായ നയത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>സംസ്ഥാനത്ത് സംരംഭകർക്ക് അനുകൂലമായ ഒരു വ്യാവസായിക എക്കോസിസ്റ്റം ഉണ്ടാക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ |

| | | | | |
|---|---|---|---|---|
| | | | | മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും കാര്യത്തിൽ സർക്കാർ മുൻഗണന നൽകുന്നു. നിക്ഷേപകരെ ആകർഷിക്കുന്നതിനും, പ്രോൽസാഹിപ്പിക്കുന്നതിനുമായി സർക്കാർ നടപ്പിലാക്കിയ വിവിധങ്ങളായ നടപടികൾ പുതുതായി സംരംഭം ആരംഭിക്കുന്നവർക്കും, നിക്ഷേപകർക്കും വലിയ രീതിയിൽ സഹായകമായിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവന്നതുവഴി, വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും, അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. 2019-ൽ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ നിയമം നടപ്പിലാക്കുക വഴി 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണനിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നര വർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ലെന്നും, കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ചു തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കുന്നതാണെന്നും സർക്കാർ വ്യവസ്ഥ ചെയ്തു. ഇതോടൊപ്പം, വ്യവസായ അനുമതികൾക്കായുള്ള ഓൺലൈൻ ഏകജാലക സംവിധാനം, നിക്ഷേപകർക്ക് സമയബന്ധിതമായി അനുമതികൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും, പ്രക്രിയകൾ ലളിതമാക്കുന്നതിനും, അനധികൃത തടസ്സങ്ങൾ നീക്കുന്നതിനുമായി നടത്തിയ മറ്റ് നിയമ നിർമ്മാണങ്ങൾ, അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള വിവിധ പദ്ധതികൾ, സംരംഭകത്വ പ്രോൽസാഹനത്തിനായി നടപ്പിലാ ക്കിയ പദ്ധതികൾ തുടങ്ങിയ വിവിധങ്ങളായ പദ്ധതികളിലൂടെ സംരംഭക സമൂഹത്തിനോടൊപ്പം നിൽക്കാനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്. ഇതിന്റെ ഫലമായി, സംസ്ഥാനത്ത് വ്യവസായ വികസനം കൂടുതൽ വേഗത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞ തോടൊപ്പം, തൊഴിലവസരങ്ങൾ വർധിക്കുകയും നിക്ഷേപകരുടെ ആത്മവിശ്വാസം ഉയരുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ സംരംഭകത്വം സാധ്യമാകുമെന്നതിലേക്ക് വ്യവസായികളുടെയും പൊതുസമൂഹത്തിന്റെയും കാഴ്ചപ്പാടിനെ മാറ്റിക്കൊണ്ടുവരാൻ ഈ സർക്കാരിന്റെ പ്രവർത്തങ്ങൾക്കായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ ഉത്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു.<br>സംരഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്ന തിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ഒരു കോൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചു വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെയും എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെയും നിയമിച്ചു. ഇത് കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ചു പ്രവർത്തനം നടത്തി വരുന്നു. ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപന തലങ്ങളിലുള്ള ഈ സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിനു സഹായകരമാകുന്നുണ്ട്. സ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.<br>കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ |

സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിനു വ്യവസായവകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കുവാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തി വരുന്ന കാമ്പയിനായ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഓരോ പഞ്ചായത്തിലും ശരാശരി 250-ൽ പരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങൾക്ക് കൂടുതൽ ഉത്തേജനം പകരുവാൻ വേണ്ടി സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും രൂപീകരിച്ച പുതിയ സംരംഭങ്ങളുടെയും, അതിനു മുൻപ് മുതൽക്കേ പ്രവർത്തിച്ച് പോരുന്ന സംരംഭങ്ങളുടെയും പ്രതിനിധികളുടെ ഒരു യോഗം "സംരംഭക സഭ"എന്ന പേരിൽ നടത്തി വരുന്നു.

സംസ്ഥാനത്തെ വ്യവസായ വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും, വ്യവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിനും സർക്കാർ പ്രായോഗിക തലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് **സ്വകാര്യ വ്യവസായ എസ്റ്റേറ്റ്** പദ്ധതി. പ്രസ്തുത പദ്ധതിക്കായി http://pie.industry. kerala.gov.in/public/index.php/ industrialist പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി **31** വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥി സമൂഹത്തിൽ സംരംഭകത്വം വളർത്തുവാനും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന നൂതന ഉൽപ്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കുന്നതിനുമായി ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ആയതിലേക്ക് https://cip.industry.kerala.gov.in/index.php/public പോർട്ടൽ ആരംഭിക്കുകയും ചെയ്തു. പ്രസ്തുത പോർട്ടൽ വഴി **19** അപേക്ഷകൾ ലഭിക്കുകയും, അപേക്ഷയിന്മേൽ നടപടി സ്വീകരിച്ച് വരുകയും ചെയ്യുന്നു. വ്യവസായ വകുപ്പിന്റെ കീഴിലുള്ള വ്യവസായ വികസന പ്ലോട്ടുകളിൽ സംരംഭകർക്ക് ഭൂമി അനുവദിക്കു ന്നതിനുള്ള നടപടി ക്രമങ്ങൾ ലളിതമാക്കിക്കൊണ്ട് പുതിയ ലാന്റ് റൂൾ 11/12/2023 ലെ GO (P) No. 309/2022/RD പ്രകാരം നിലവിൽ വന്നിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള ബഹുനില വ്യവസായ സമുച്ചയങ്ങളിൽ

(GALAS)സ്ഥലം അനുവദിക്കുന്നതിനായി G.O.(Rt)No.1058/2023/ID Dated 13.10.2023 പ്രകാരമുള്ള റൂൾ നിലവിൽ വന്നിട്ടുണ്ട്.

കൂടാതെ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കു ന്നതിനായി ചുവടെ ചേർക്കുന്ന വിവിധ സംരംഭക സഹായ പദ്ധതികളും നടപ്പിലാക്കിവരുന്നു.

1. സംരംഭക സഹായ പദ്ധതി (ESS)
2. ഒരു കുടുംബം ഒരു സംരംഭം പദ്ധതി.
3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി.
4. നിലവിലുള്ള എം എസ് എം ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് സൂക്ഷ്മ സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി.
5. തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പി ക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs with stressed asset, Defunct MSME units and cashew processing units)

6. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി.

7. Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood.

A) Capital Grant (മൂലധന ഗ്രാന്റ്)

B) Interest Subvention (പലിശ സബ്സിഡി)

8. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേൽപ് പദ്ധതി (Revival Rejuvenation and Resurrection of Private Cashew Industry Sector)

A) Continued Operation Linked Stimulus Programme

B) Women Friendly Physical infra Creation/ Upgradation

C.) Modernization /Upgradation of Shelling Units -

9.കരകൗശലതൊഴിലാളികൾക്ക് സഹായം(ആശ)

| | | | |
|---|---|---|---|
| | | | <u>10. Incentives to Workers in Bamboo Sector and Support for Harvesting and Processing</u> |
| (സി) | നിക്ഷേപകരോടുള്ള മനോഭാവത്തിലെ മാറ്റം ഉദ്യോഗസ്ഥ സംവിധാനത്തിന്റെ താഴെത്തട്ടിലേക്കുകൂടി എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. നിക്ഷേപകരെ ആകർഷിക്കുന്നതും അവർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനുമുള്ള മികച്ച എക്കോസിസ്റ്റം ഉണ്ടാക്കിയെടുക്കുക എന്നുള്ളതും സർക്കാർ മുൻഗണന നൽകുന്ന വിഷയമാണ്. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തന മാറിയിട്ടുണ്ട്. സംരംഭകർക്കാ വശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ല വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തിക്കുന്നു വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു. ഇത് കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച് പ്രവർത്തനം നടത്തി വരുന്നു. ജില്ലാ-താലൂക്ക് തദ്ദേശ സ്ഥാപന തലങ്ങളിലുള്ള ഈ സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിനും അവർക്ക് വേണ ഫെസിലിറ്റേഷൻ ലഭ്യമാക്കുന്നതിനു സഹായകരമാകുന്നുണ്ട്. ഉദ്യോഗസ്ഥർക്ക ആവശ്യമായ ഓറിയന്റേഷൻ/റിഫ്രഷർ സെക്ഷനുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | വ്യവസായമേഖലയിൽ സംരംഭകരുടെ പരാതി പരിഹരിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽനിന്നും പിഴ ഈടാക്കുന്നതുൾപ്പെടെ ശക്തമായ പരാതി പരിഹാര സംവിധാനം ഈ സർക്കാർ കൊണ്ടുവന്നിട്ടുണ്ടോ എന്നറിയിക്കുമോ? | (ഡി) | സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022 ലെ 19-ാം നമ്പർ ആക്ട് പ്രകാരം 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട്, (2000-ലെ നിയമം 5) ൻറെ ഭേദഗതി വഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് **പരാതി പരിഹാര സംവിധാനം** (Grievance Redressal System). ജില്ലാ/സംസ്ഥാന |

| | | | | |
|---|---|---|---|---|
| | | | | പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചു കൊണ്ടാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിക്കു മുകളിൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ജില്ലാ കമ്മിറ്റിയിൽ ജില്ലാ കളക്ടർ അധ്യക്ഷനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമാണ്. സംസ്ഥാന കമ്മിറ്റിയിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ കൺവീനറുമാണ്. ആക്ട് പ്രകാരമുള്ള സേവനം നൽകുന്നതിൽ എന്തെങ്കിലും വീഴ്ചയോ കാലതാമസമോ ഉണ്ടായതായി സംസ്ഥാന പരാതി പരിഹാര കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുകയാണെങ്കിൽ പ്രസ്തുത വിഷയം സംസ്ഥാന കമ്മിറ്റിക്കു പരിശോധിക്കാവുന്നതും ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതുമാണ്. ജില്ലാ കമ്മിറ്റിക്കും സംസ്ഥാന കമ്മിറ്റിക്കും ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. മതിയായ കാരണം കൂടാതെ സേവനം നൽകുന്നതിന് നിയുക്തനായ ഉദ്യോഗസ്ഥൻ കാലതാമസമോ വീഴ്ചയോ വരുത്തിയിട്ടുണ്ടെന്ന് ജില്ലാ-സംസ്ഥാന കമ്മിറ്റികൾക്ക് ബോധ്യപ്പെടുന്നപക്ഷം നിയുക്ത ഉദ്യോഗസ്ഥനുമേൽ പിഴ ചുമത്തുന്നതിനും ബാധകമായ സർവീസ് ചട്ടങ്ങൾക്ക് കീഴിൽ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് ശുപാർശ ചെയ്യുന്നതിനും ആക്ട് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ